

ഗവ.യു.പി സ്കൂൾ

ചെറുകോൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2024–30

# ആമുഖം

വിദ്യാലയത്തിൽ എത്തിച്ചേരുന്ന ഓരോ കുട്ടിയുടെയും ഗുണമേന്മ വിദ്യാഭ്യാസം എന്ന അവകാശം ഉറപ്പുവരുത്തുന്നതിനുള്ള കർമ്മപരിപാടികളും അവ സമയബന്ധിതമായി നടപ്പാക്കുമെന്ന് ഉറപ്പുനൽകലുമാണ് മാസ്റ്റർ പ്ലാനിലൂടെ ഉദ്ദേശിക്കുന്നത്.വിദ്യാലയത്തിന്റെ ദർശനം, അക്കാദമിക ലക്ഷ്യങ്ങൾ, പ്രവർത്തന പരിപാടികൾ, ഇവയെല്ലാം ചേരുന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാനിൻറെ ഉള്ളടക്കം. ഓരോ വിദ്യാലയത്തിൻറെയും സവിശേഷതകൾക്ക് ഇണങ്ങും വിധമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കപ്പെടുന്നത്. മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുക, തുല്യതയും ഗുണനിലവാരം ഉള്ളതുമായ വിദ്യാഭ്യാസം എന്നീ ദൗത്യം ഉറപ്പിക്കുന്നതിനായി തയ്യാറാക്കിയ കർമ്മപദ്ധതി ആണിത്.

# ചരിത്രം

പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ ചെറുകോൽ പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിൽ കോഴഞ്ചേരി ഉപജില്ലയിൽ ചെറുകോൽ പ്രദേശത്ത് തികച്ചും ഒരു ഗ്രാമാന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ചെറുകോൽ ഗവൺമെൻറ് യുപി സ്കൂളിന് വിദ്യാഭ്യാസ വകുപ്പിന്റെ രേഖകൾ പ്രകാരം 110 വർഷത്തെ പഴക്കമുണ്ട് .സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൻറെയും പമ്പാനദിയുടെയും സാന്നിധ്യം സ്കൂളിന് കൂടുതൽ ചൈതന്യം നൽകുന്നു. ഈ പ്രദേശത്തെ കുട്ടികൾക്ക് അറിവ് നൽകുക എന്ന ലക്ഷ്യത്തോടെ ചെറുകോൽ ചെമ്പകശ്ശേരി തിരുമേനി സൗജന്യമായി നൽകിയ സ്ഥലത്ത് കുടിപ്പള്ളിക്കൂടമായി ആരംഭിച്ച ഈ വിദ്യാലയത്തിൽ ഇപ്പോൾ പ്രീ പ്രൈമറിൽ തലം മുതൽ യു.പി തലം വരെയുള്ള ക്ലാസുകൾ പ്രവർത്തിക്കുന്നു.

# വിദ്യാലയം മികവിൻറെ കേന്ദ്രം

ഗുണമേന്മ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് ഈ കാഴ്ചപ്പാടിനെ മുൻനിർത്തി പൊതു വിദ്യാഭ്യാസ വകുപ്പ് സമഗ്രമായ മാറ്റമാണ് വിദ്യാലയങ്ങളെ മികവിൻറെ കേന്ദ്രങ്ങൾ ആക്കുക എന്നതിലൂടെ ചെയ്യുന്നത് ഓരോ തലമുറയുടെയും സാംസ്കാരികവും സാമൂഹികവും ഭൗതികവുമായ വളർച്ചയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് അതിരറ്റതാണ്. ഇന്നത്തെ സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ട ആവശ്യകത അത്യന്താപേക്ഷിതമാണ്.

പൊതു വിദ്യാഭ്യാസരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന സമഗ്രമാറ്റം സമൂഹത്തിലേക്ക് എത്തിക്കുവാൻ ഓരോ വിദ്യാർത്ഥികളുടെ മാത്രമേ കഴിയുകയുള്ളൂ രാജ്യത്തിന് ഉപകാരപ്രദമായ ഒരു പൗരനെ വാർത്തെടുക്കാൻ വിദ്യാഭ്യാസത്തിന് മാത്രമേ സാധിക്കുകയുള്ളൂ

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും നേടേണ്ട പഠനശേഷികൾ ഉറപ്പാക്കുക
- സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക.
- ഭാഷയിൽ മികച്ച ആശയവിനിമയശേഷി കൈവരിക്കുക.
- കുട്ടിയിൽ ശാസ്ത്രബോധം വളർന്നു വികസിപ്പിക്കുകയും അത് നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യാൻ അവസരം ഒരുക്കുക
- ഗണിത താല്പര്യം വളർത്തുക.
- സ്കൂൾ ലൈബ്രറി ക്രമീകരിച്ച് ആകർഷകമാക്കുക

# പ്രതീക്ഷിത നേട്ടങ്ങൾ

ശിശു സൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുങ്ങും "സ്കൂൾ സമൂഹത്തിൽ" എന്ന ആശയം സാക്ഷാത്കരിക്കപ്പെടും

# മോണിറ്ററിംഗ്

ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് നടത്തുന്നു. എസ് എം സി, എസ് എസ് ജി എന്നിവരെ ഉൾപ്പെടുത്തി സോഷ്യൽ മോണിറ്ററിംഗ് നടത്തുന്നു .

# ശാസ്ത്ര യാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | പ്രകൃതി നടത്തം പരീക്ഷണ-നിരീക്ഷണങ്ങളിൽ ഏർപ്പെടൽ ഫീൽഡ്ട്രിപ്പ് | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

# മേളകൾ

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളെയും പങ്കാളികളാക്കുക | | | |

# ബുള്ളറ്റിൻ ബോർഡ്

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| സാമൂഹിക അറിവുകൾ അപ്ഡേറ്റ്ചെയ്യുക | പ്രധാന വാർത്തകൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുക | | | |

# പച്ചക്കറിതോട്ടം

| **ലക്ഷ്യം** | **പ്രവർത്തനം കാലം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| കാർഷിക സംസ്കൃതി വീണ്ടെടുക്കുക | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം നിർമ്മിക്കുക | | | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകത വികസിപ്പിക്കുക | ➢ ലൈബ്രറി ശാക്തീകരണം വായനാമുറി ക്രമീകരിക്കൽ പുസ്തകങ്ങൾ തരംതിരിച്ച് ക്രമീകരിക്കൽ<br>➢ പാട്ടുപാട്ടരങ്ങ് കഥയരങ്ങ് എന്നിവ സംഘടിപ്പിക്കൽ<br>➢ സ്കൂൾ അസംബ്ലി വാർത്താ വായന, സർഗ്ഗ വേള, വായനോത്സവം | ജൂലൈ | വിദ്യാരംഗം | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ➢ ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ<br>➢ ഗണിതത്തിൽ താൽപര്യം ഉണർത്തുക | ➢ ഗണിത മൂല തയ്യാറാക്കൽ<br>➢ ഗണിത ലാബ് സജ്ജമാക്കൽ<br>➢ ഗണിതകേളികൾ | ആവശ്യാനുസരണം | എസ് ആർ ജി | |

# ഭാഷാശേഷി വികസനം

## ഇംഗ്ലീഷ്

**ഉപമേഖല : ഇംഗ്ലീഷ് ഭാഷ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ➢ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>➢ ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക<br>➢ ഇംഗ്ലീഷ് പറയുവാനും എഴുതുവാനും കഴിയുന്ന തലത്തിലേക്ക് എത്തിക്കുക | ➢ ആഴ്ചയിൽ രണ്ട് ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുക<br>➢ ഇംഗ്ലീഷ് തീയേറ്റർ പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി എഴുതി അവതരിപ്പിക്കൽ<br>➢ ഇംഗ്ലീഷ് ഫസ്റ്റ് ഇംഗ്ലീഷ് മികവ് പ്രവർത്തനങ്ങളുടെ അവതരണം | ജൂൺ –മാർച്ച്<br>പ്രതിമാസ പരിപാടി<br>മാർച്ച് | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | |

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ➢ ഭാഷാശേഷി വികസനം, ഗണിത ശേഷി വികസനം, ഇംഗ്ലീഷ് പഠന പരിപോഷണം<br>➢ ശാസ്ത്രപോഷണ പരിപാടി വായനാ പരിപോഷണം ലൈബ്രറി ശാക്തീകരണം, പഠനയാത്ര<br>➢ പച്ചക്കറിത്തോട്ടം ഒറിഗാനിൽ ശില്പശാല ഗണിത ലാബ് മൂല്യനിർണയം നിരന്തര വിലയിരുത്തൽ ദിനാചരണങ്ങൾ | കൃഷിത്തോട്ടം, അടുക്കള, കളിസ്ഥലം, ഡൈനിങ് ഹോൾ,സ്റ്റോർ, ലൈബ്രറി,നൂതന ക്ലാസ് മുറികൾ, ഓഫീസ് | ➢ വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>➢ ഭവന സന്ദർശനം<br>➢ ഗ്രന്ഥശാലകൾ ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ പൂർവ വിദ്യാർത്ഥി സംഘടന പൂർവ്വ അധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക |

## അക്കാദമികം- നേട്ടങ്ങൾ

- പ്രവർത്തനങ്ങൾ അക്കാദമി കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടത്തുന്നു. വിവിധ മത്സരപരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.വിജയികളെ പ്രത്യേകം അഭിനന്ദിക്കുന്നു .
- മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, മധുരം മലയാളം തുടങ്ങിയ ഭാഷാപോഷണ പരിപാടികൾ നടത്തിവരുന്നു
- സർഗപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നു

## അക്കാദമികം പരിമിതികൾ

- ഭാഷ (ഇംഗ്ലീഷ് മലയാളം) കൈകാര്യം ചെയ്യുന്നതിനുള്ള മികവ് കുട്ടി ആർജിക്കേണ്ടതുണ്ട്
- ശാസ്ത്രാഭിരുചികൾ വളർത്തുന്നതിനുപകരിക്കുന്ന സൗകര്യങ്ങൾ പരിമിതമാണ്.
- സ്കൂൾ ലൈബ്രറി ഉപയോഗപ്രദമായി ക്രമീകരിക്കേണ്ടതുണ്ട്

## നിലവിലെ അവസ്ഥാ വിശകലനം

- ഭൗതികം –നേട്ടങ്ങൾ : 1915 സ്ഥാപിതമായതാണ് ഈ വിദ്യാലയം. ചുറ്റമതിൽ ,കുടിവെള്ള സംഭരണി ഡിജിറ്റൽ ക്ലാസ് റൂം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ബാത്റൂം, മഴവെള്ള സംഭരണി ,ജൈവവൈവിധ്യ ഉദ്യാനം എന്നീ സൗകര്യങ്ങൾ സ്കൂളിലുണ്ട്
- ഭൗതികം പരിമിതികൾ : 1915 സ്ഥാപിതമായ ഈ കെട്ടിടം കാലപ്പഴക്കം ഉള്ളതാണ്. നിലവിൽ ഒരു കെട്ടിടം അൺഫിറ്റ് ആയതും മറ്റൊന്ന് അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതും ആണ്. നിലവിലുള്ള പാചകപ്പുരയുടെ മേൽക്കൂര ചോർച്ചയുണ്ട് പരിമിതമായ കളിസ്ഥലമാണ് ഉള്ളത് .ഭക്ഷണശാല ആവശ്യമാണ്
- പാഠ –പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- നല്ല മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- ഓരോ ക്ലാസിലും നേടേണ്ട പഠന നേട്ടങ്ങൾ കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

- എസ്.ആർ.ജി യോഗത്തിൽ വിഷയം അവതരിപ്പിക്കലും ചർച്ചയും .
- വികസന ആവശ്യങ്ങൾ ഭൗതികം– അക്കാദമി –സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
- എസ് എം സി, ജനപ്രതിനിധികൾ എന്നിവർ അടങ്ങുന്ന മീറ്റിങ്ങിൽ വിഷയം അവതരി പ്പിക്കൽ.

## ഉപസംഹാരം

ഒരു വിദ്യാർത്ഥിയുടെ സമഗ്രമായ വികസനമാണ് വിദ്യാഭ്യാസം. ഒരു വിദ്യാർത്ഥിയെ പൂർണവും സമ്പൂർണ്ണവും സമഗ്രവുമായ വ്യക്തിയായി വളർത്തിയെടുക്കുക എന്നതാണ് ഇതിൻറെ ലക്ഷ്യം. ഈ ആശയം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.


GOVERNMENT
UPPERPRIMARY SCHOOL
CHERUKOLE
SUB DISTRICT - KOZHENCHERRY